അയച്ചുകൊടുക്കുന്നത് സെൻട്രൽ പർച്ചേസ് കമ്മിറ്റികൂടി, വാർഷിക ഇന്റന്റിന്റെ അടിസ്ഥാനത്തിൽ സി.പി.സി. തിരഞ്ഞെടുത്ത കമ്പനികളിൽ നിന്നും റേറ്റുകൾ ശേഖരിക്കുകയും, ആയത് മാർക്കറ്റ് റേറ്റുമായി താരതമ്യം ചെയ്ത് ഗുണനിലവാരം ഉറപ്പാക്കി കമ്പനികളുമായി വിലപേശി വിലകൾ ഉറപ്പിക്കുകയും ചെയ്യുന്നു. കമ്പനികൾ ഓരോ ജില്ലക്കുംവേണ്ട മരുന്നുകൾ 4 തുല്യ ഗഡുക്കളായി വിതരണം ചെയ്യുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, ഡയറക്ടർ ഓഫ് ഇൻഷൂറൻസ് മെഡിക്കൽ സർവീസസ്, ഡ്രഗ്സ് കൺട്രോളർ, അഡീഷണൽ സെക്രട്ടറി, ഫൈനാൻസ് (സെക്രട്ടേറിയറ്റ്), ജോയിന്റ് സെക്രട്ടറി സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് (സെക്രട്ടേറിയറ്റ്) എന്നിവരാണ് സി.പി.സി. യിലെ അംഗങ്ങൾ. ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഓരോ വർഷവും മാറിമാറി ചെയർമാൻമാരായിരിക്കുന്നതാണ്. അനാൽജസിക്, ആന്റിപൈറ്റിക്സ്, ആന്റി ഇൻഫ്ളുമാറ്ററി, ആന്റിബയോട്ടിക്കുകൾ, ആന്റിബാക്ടീരിയൽസ്, ആന്റി ട്യൂബർക്കുലർ, ആന്റി ഡ്രഗ്സ്, അനസ്തറ്റിക് ഡ്രഗ്സ്, ആന്റി അലർജിക് ഡ്രഗ്സ്, ആന്റി ഡോട്ട്സ്, ആന്റി എപ്പിലെപ്റ്റിക് ഡ്രഗ്സ്, ആന്റിഫംഗൽ, ആന്റിസെറൽ, ആന്റി ഫൈലേറിയ, മലേറിയ ലെപ്രോട്ടിക് പാർക്കിൻസോണിയ, ഡ്രഗ്സ് ഇഫക്ടിംഗ് ദി ബ്ലഡ്, കാർഡിയോ വാസ്കുലർ, ഡെർമറ്റോളജിക്കൽ, ഓഫ് താൽമിക്, ഗൈനക് ആന്റ് ഒബ്സ്റ്റട്രിക്, സൈക്കോട്രോപിക് ഡ്രഗ്സ്, ഐ.വി. ഫ്ളൂയിഡ്, ഡിസ്ഇൻഫെക്ടന്റ്സ്, ആന്റിസെപ്റ്റിക്സ്, ഡൈയൂററ്റിക്സ് ജി.ഐ.ട്രാക്ട് ഡ്രഗ്സ്, ഹോർമോൺസ് ആന്റ് എൻഡോക്രിൻ ഡ്രഗ്സ്, ഇമ്മ്യൂണോളജിക്കൽസ്, വിറ്റാമിൻസ് ആന്റ് മിനറൽസ്, സർജിക്കൽ ആന്റ് മെഡിക്കൽ ഡിവൈസസ്, സൂച്ചേഴ്സ്, ബ്ലഡ്ഗ്രൂപ്പിംഗ് സെറം ആന്റ് ടെസ്റ്റിംഗ് കിറ്റ്സ്, ബ്ലഡ് ബാഗ്സ്, ആന്റി കാൻസർ ഡ്രഗ്സ് തുടങ്ങിയ മരുന്നുകളാണ് ആരോഗ്യവകുപ്പ് പതിവായി വാങ്ങുന്നത്. ഹോമിയോപ്പതി വകുപ്പ് മരുന്ന് വാങ്ങുന്നത് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും സർക്കാർ അനുമതിയോടെയാണ് ആയുർവേദ വകുപ്പിന് ആവശ്യമായ മരുന്നുകൾ ഗവൺമെന്റ് അധീനതയിലുള്ള 'ഔഷധി' മുഖേനയാണ് വാങ്ങുന്നത്.

(ബി) ഇത്തരം സാഹചര്യം നിലവിലില്ല.

(സി) ആവശ്യമായ മരുന്നുകൾ വാങ്ങി സംഭരിക്കുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴിയാണ് മരുന്നുകൾ വാങ്ങുന്നത് ഇതിൽ ക്രമക്കേടുകൾ ഒന്നും നടന്നിട്ടില്ല.

സെറിഫെഡിന്റെ പ്രവർത്തനം

24 (*174) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെറിഫെഡിന്റെ പ്രവർത്തനം കേന്ദ്ര ബോർഡായ സിൽക്കിന്റെ നിലപാടുമൂലം മന്ദഗതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെറിഫെഡിന്റെ ജീവനക്കാർക്ക് കഴിഞ്ഞ കുറെ മാസക്കാലമായി ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) കേന്ദ്ര സിൽക് ബോർഡിന്റെ നിലപാടുമൂലം സെറിഫെഡിന്റെ പ്രവർത്തനം മന്ദഗതിയിലായിട്ടില്ല.

(ബി) ഉണ്ട്.

(സി) സെറിഫെഡിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് 3-6-2003-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 554/2003/വ്യവസായ പ്രകാരം 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ് എന്നിവ പുതുക്കുന്നതിനുള്ള മാനദണ്ഡം

25 (*175) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസുകൾ എന്നിവ കുറയ്ക്കുവാൻ തീരുമാനിച്ചിരുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പൊതുജനാഭിപ്രായം ആരായൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസുകൾ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിന് എന്തു മാനദണ്ഡമാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ-സി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സർച്ചാർജ്ജ് എന്നിവ കുറയ്ക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

26 (*176) ശ്രീ. സാജു പോൾ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ശുചിത്വകേരളം പദ്ധതി പ്രഖ്യാപിച്ചതിനുശേഷം എന്തെല്ലാം പരിപാടികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly